ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 14.06.2025** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1) ഇസ്രയേൽ- ഇറാൻ സംഘർഷം രൂക്ഷം.
ഇസ്രയേലിനെതിരെ തിരിച്ചടിച്ച് ഇറാൻ. സംഘർഷം ഉടൻ അവസാനിപ്പിക്കണമെന്ന് യു എൻ.

Israel-Iran tensions intensify. Iran retaliates against Israel. UN says the tension should end immediately.

2) അഹമ്മദാബാദിൽ എയർ ഇന്ത്യ വിമാനം തകർന്നതിൻറെ കാരണങ്ങൾ വിശകലനം ചെയ്യുന്നതിനായി ഉന്നതതല സമിതി രൂപീകരിച്ച് കേന്ദ്ര സർക്കാർ.
The central government has formed a high-level committee to analyze the reasons for the crash of the Air India plane in Ahmedabad.

3) പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ സൈപ്രസ്, കാനഡ, ക്രൊയേഷ്യ സന്ദർശനത്തിന് നാളെ തുടക്കമാകും.

Prime Minister Narendra Modi's visit to Cyprus, Canada and Croatia will begin tomorrow.

4) യൂറോപ്യൻ യൂണിയനുമായുള്ള സ്വതന്ത്ര വ്യാപാര കരാർ ഈ വർഷം അന്തിമമാക്കുമെന്ന് വിദേശകാര്യമന്ത്രി എസ്. ജയ്ശങ്കർ.

External Affairs Minister S. Jaishankar says that the free trade agreement with the European Union will be finalized this year.

5) കേരളത്തിൽ അതി തീവ്ര മഴയക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. അഞ്ച് ജില്ലകളിൽ ഇന്ന് ചുവപ്പ് ജാഗ്രത

The Central Meteorological Department has said that there is a possibility of very heavy rain in Kerala. Red alert in five districts today.

6) ലോക ടെസ്റ്റ് ക്രിക്കറ്റ് ചാമ്പ്യൻഷിപ്പ് ഫൈനലിൽ ഓസ്ട്രേലിയക്കെതിരെ ദക്ഷിണാഫ്രിക്കയ്ക്ക് 282 റൺസ് വിജയലക്ഷ്യം.

South Africa has a target of 282 runs against Australia in the World Test Cricket Championship final.

**********************

## IRAN-ISRAEL ATTACK

ഇസ്രയേൽ ആക്രമണങ്ങൾക്ക് പിന്നാലെ തിരിച്ചടിച്ച് ഇറാൻ. ആക്രമണത്തിൽ ഇസ്രയേലി നഗരങ്ങളിലേക്ക് നൂറോളം മിസൈലുകളും ഡ്രോണുകളുമാണ് ഇറാൻ തൊടുത്തുവിട്ടത്. ടെൽ അവീവിലും ജെറുസലേമിലും നിരവധി പേരെയാണ് ഷെൽട്ടറുകളിലേക്ക് മാറ്റിയത്. ഇറാനെതിരായ ഇസ്രായേൽ ആക്രമണങ്ങളിൽ 78 പേർ കൊല്ലപ്പെടുകയും 320 പേർക്ക് പരിക്കേൽക്കുകയും ചെയ്യതായി ഐക്യരാഷ്ട്രസഭ സുരക്ഷാ സമിതിയിലെ ഇറാന്റെ സ്ഥിരം പ്രതിനിധി അമീർ സയീദ് ഇറവാനി പറഞ്ഞു.

അതിനിടെ,പശ്ചിമേഷ്യയിലെ സാഹചര്യം ഇസ്രായേൽ പ്രധാനമന്ത്രി ബെന്യാമിൻ നെതന്യാഹു പ്രധാനമന്ത്രി നരേന്ദ്ര മോദിയെ ധരിപ്പിച്ചു. ഫോണിലൂടെയാണ് ഇരുവരും ആശയവിനിമയം നടത്തിയത്. ഇന്ത്യയുടെ ആശങ്കകൾ പങ്കുവെക്കുന്നതായും മേഖലയിൽ സമാധാനവും സ്ഥിരതയും പുനഃസ്ഥാപിക്കേണ്ടതിന്റെ ആവശ്യകത ഊന്നിപ്പറഞ്ഞ-

തായും പ്രധാനമന്ത്രി സമൂഹമാധ്യമത്തിൽ കുറിച്ചു. വിദേശകാര്യ മന്ത്രി ഡോ. എസ്. ജയ്ശങ്കറുമായി ഇസ്രായേൽ വിദേശകാര്യ മന്ത്രി ഗിഡിയൻ സാർ ടെലിഫോൺ സംഭാഷണം നടത്തി. ഏറ്റവും പുതിയ സാഹചര്യത്തെക്കുറിച്ച് ഇറാൻ വിദേശകാര്യ മന്ത്രി സെയ്ദ് അബ്ബാസ് അരാഘ്ചിയുമായും ശ്രീ ജയ്ശങ്കർ ചർച്ച നടത്തി.

**********************

## IRAN-ISRAEL ATTACK - 2

1980-ലെ ഇറാഖ് യുദ്ധത്തിന് ശേഷം ഇറാനു നേരെയുണ്ടാകുന്ന ഏറ്റവും വലിയ സൈനിക ആക്രമണമാണ് കഴിഞ്ഞ ദിവസം ഇസ്രയേൽ നടത്തിയത്. ആണവ കേന്ദ്രങ്ങൾ ലക്ഷ്യമിട്ട് നടത്തിയ ആക്രമണത്തിൽ ഉന്നത സൈനിക കമാൻഡർമാരടക്കം കൊല്ലപ്പെട്ടിരുന്നു. ഇസ്രയേൽ

ആക്രമണങ്ങൾക്ക് മണിക്കൂറുകൾക്ക് ശേഷമാണ് ഇറാൻറെ പ്രത്യാക്രമണം. ഇറാൻ ആണവായുധങ്ങൾ വികസിപ്പിക്കുന്നത് തടയുന്നതിനുള്ള മുൻകരുതൽ

നടപടിയെന്ന് വിശേഷിപ്പിച്ചായിരുന്നു ഇസ്രായേൽ ആക്രമണം. അതേസമയം ഇറാൻറെ പ്രത്യാക്രമണത്തെ തുടർന്ന് ഇസ്രേയേലിലെ ബെൻ ഗുരിയോൺ വിമാനത്താവളം

അടച്ചു. ജനവാസ മേഖല ലക്ഷ്യമിട്ട് നടത്തിയ പ്രത്യാക്രമണങ്ങളിൽ ശക്തമായി തിരിച്ചടിക്കുമെന്ന് ഇസ്രയേൽ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്.

**********************

## REACTIONS- ISRAEL- IRAN

ഇസ്രയേലും ഇറാനും തമ്മിലുള്ള സംഘർഷം ഉടൻ അവസാനിപ്പിക്കണമെന്ന് യുഎൻ. ഇരു രാജ്യങ്ങളും

സമാധാനത്തിനും നയതന്ത്രത്തിനും മുൻഗണന നൽകണമെന്ന് സെക്രട്ടറി ജനറൽ അന്റോണിയോ ഗുട്ടെറസ് പറഞ്ഞു. ഇരു രാജ്യങ്ങളും സംയമനം പാലിക്കണമെന്നും സ്ഥിതിഗതികൾ ശാന്തമാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും യൂറോപ്യൻ കമ്മീഷൻ പ്രസിഡന്റ് ഉർസുല വോൺ ഡെർ ലെയ്ൻ പറഞ്ഞു. ഇസ്രായേലിന്റെ നടപടികൾ ഐക്യരാഷ്ട്രസഭയുടെ നിയമങ്ങളുടെ ലംഘനമാണെന്ന് റഷ്യൻ പ്രസിഡന്റ് വ്ലാഡിമിർ പുടിൻ പ്രതികരിച്ചു.

**********************

## REV.AI FLIGHT-IMA

അഹമ്മദാബാദ് എയർ ഇന്ത്യ വിമാനാപകടത്തിൽ മരിച്ചവരുടെ എണ്ണം 254 ആയി. വിമാനത്തിലുണ്ടായിരുന്ന 241 പേരും പ്രദേശത്തുണ്ടായിരുന്നവരും മരിച്ചവരിൽ ഉൾപ്പെടുന്നു. നാല് മെഡിക്കൽ വിദ്യാർത്ഥികളുടെയും ഒരു ഡോക്ടറുടെ ഭാര്യയുടെയും മരണം ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ സ്ഥിരീകരിച്ചു. ഇന്ത്യൻ വംശജനായ ഒരു ബ്രിട്ടീഷ് പൗരൻ മാത്രമാണ് വിമാനത്തിൽ നിന്നും രക്ഷപ്പെട്ടത്. തിരിച്ചറിഞ്ഞ എട്ട് മൃതദേഹങ്ങൾ കുടുംബങ്ങൾക്ക് കൈമാറി. മറ്റുള്ളവരെ തിരിച്ചറിയുന്നതിനുള്ള ഡിഎൻഎ പരിശോധന തുടരുകയാണ്. നിലവിൽ, സിവിൽ ആശുപത്രിയിൽ 31 പേരാണ് ചികിത്സയിലുള്ളത്. അപകടത്തിന്റെ കൃത്യമായ കാരണം കണ്ടെത്താൻ അന്വേഷണം പുരോഗമിക്കുകയാണ്.

**********************

## FLIGHT - HIGH LEVEL COMMITTEE

അഹമ്മദാബാദിൽ എയർ ഇന്ത്യ വിമാനം AI-171 തകർന്നുവീഴാനുള്ള കാരണങ്ങൾ വിശകലനം ചെയ്യുന്നതിനായി കേന്ദ്ര സർക്കാർ വിവിധ മേഖലകളിലെ വിദഗ്ധരെ ഉൾപ്പെടുത്തി ഉന്നതതല സമിതി രൂപീകരിച്ചു. നിലവിലുള്ള പ്രവർത്തന മാനദണ്ഡങ്ങളും ഭാവിയിൽ ഇത്തരം ദുരന്തങ്ങൾ തടയുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും സമിതി പരിശോധിക്കുമെന്ന് വ്യോമയാന മന്ത്രാലയം അറിയിച്ചു. അപകടങ്ങളുണ്ടായാൽ കൈകാര്യം ചെയ്യുന്നതിനുള്ള സമഗ്ര നടപടികളും സമിതി നിർദേശിക്കും.

*********************

## DGCA

അഹമ്മദാബാദിലെ വിമാനാപകടത്തെത്തുടർന്ന് ബോയിംഗ് ഡ്രീംലൈനർ വിമാനങ്ങളിൽ കൂടുതൽ സുരക്ഷാ പരിശോധനകൾ നടത്താൻ സിവിൽ ഏവിയേഷൻ ഡയറക്ടറേറ്റ് ജനറൽ എയർ ഇന്ത്യയോട് നിർദ്ദേശിച്ചു. ബന്ധപ്പെട്ട പ്രാദേശിക ഓഫീസുകളുമായി ഏകോപിപ്പിച്ച് ഉടൻ പരിശോധന പൂർത്തിയാക്കണെമെന്ന് ഡിജിസിഎ

ആവശ്യപ്പെട്ടു. ബോയിംഗ് ഡ്രീംലൈനർ വിമാനങ്ങളിലെ തകരാറുകൾ അവലോകനം ചെയ്തതിന്റെ അടിസ്ഥാനത്തിൽ പവർ അഷ്വറൻസ് പരിശോധനകൾ നടത്താനും അറ്റകുറ്റപ്പണികൾ പൂർത്തിയാക്കാനും ഡിജിസിഎ നിർദ്ദേശം നൽകി. പരിശോധനകളുടെ റിപ്പോർട്ട് ഡിജിസിഎയ്ക്ക് സമർപ്പിക്കണം.

*********************

## JAISHANKAR-FRANCE (INTRO)

ഫ്രാൻസുമായുള്ള ഇന്ത്യയുടെ തന്ത്രപരമായ പങ്കാളിത്തം വളരെ ശക്തമാണെന്നും യൂറോപ്പിലെ ഇന്ത്യയുടെ ഏറ്റവും വിശ്വസ്ത പങ്കാളിയാണ് ഫ്രാൻസ് എന്നും വിദേശകാര്യ മന്ത്രി എസ്. ജയ്ശങ്കർ. ഫ്രാൻസിലെ മാർസെയിൽ നടന്ന റെയ്സിന മെഡിറ്ററേനിയൻ ഫോറത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. യൂറോപ്യൻ യൂണിയനുമായുള്ള സ്വതന്ത്ര വ്യാപാര കരാർ ഈ വർഷം തന്നെ അന്തിമമാക്കാനാണ് ലക്ഷ്യമിടുന്നതെന്ന് വിദേശകാര്യമന്ത്രി പറഞ്ഞു. ഈ മാസം അവസാനത്തോടെ ഇരുപക്ഷത്തുനിന്നുമുള്ള വ്യാപാര മന്ത്രിമാർ ചർച്ച നടത്തുമെന്ന് ശ്രീ ജയശങ്കർ അറിയിച്ചു.
( വോയിസ്....)

*********************

## PM-VISIT

സൈപ്രസ്, കാനഡ, ക്രൊയേഷ്യ എന്നിവിടങ്ങളിലേക്കുള്ള പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ അഞ്ച് ദിവസത്തെ പര്യടനത്തിന് നാളെ തുടക്കമാകും. നാളെ സൈപ്രസിലെത്തുന്ന

പ്രധാനമന്ത്രി, സൈപ്രസ് പ്രസിഡൻറുമായി കൂടിക്കാഴ്ച നടത്തും. തുടർന്ന്
ജി 7 ഉച്ചകോടിയിൽ പങ്കെടുക്കുന്നതിനായി ശ്രീ മോദി മറ്റന്നാൾ കാനഡയിലെ കനനാസ്കിസിലെത്തും. ഈ മാസം 17 നാണ് ഉച്ചകോടി. ശേഷം, ഈ മാസം 18ന് പ്രധാനമന്ത്രി ക്രൊയേഷ്യ സന്ദർശിക്കും.

*********************

## AXIOM MISSION

ഇന്ത്യൻ ബഹിരാകാശയാത്രികൻ ശുഭാൻഷു ശുക്ല ഉൾപ്പെട്ട ബഹിരാകാശ ദൗത്യം ആക്സിയം - 4 ഈ മാസം 19 നുണ്ടാകുമെന്ന് റിപ്പോർട്ട്. ജൂൺ 11 ന് വിക്ഷേപണം നടത്താൻ നിശ്ചയിച്ചിരുന്നെങ്കിലും സാങ്കേതിക കാരണങ്ങളാൽ മാറ്റി വെക്കുകയായിരുന്നു. നാസയുമായി ചേർന്ന് തകരാറുകൾ പരിഹരിക്കാൻ പ്രവർത്തിക്കുന്നതായി ആക്സിയം സ്പേസ് അറിയിച്ചതായി ഐഎസ്ആർഒ വ്യക്തമാക്കി. വിക്ഷേപണ വാഹനത്തിലെ ദ്രവ്യ ഓക്സിജൻ ചോർച്ച പരിഹരിച്ചതായി ISRO സ്ഥിരീകരിച്ചു.

*********************

## WORLD BLOOD DONOR DAY (INTRO)

ഇന്ന് ലോക രക്തദാതാ ദിനം. രക്തം നൽകൂ, പ്രത്യാശ നൽകൂ, ഒരുമിച്ച് ജീവൻ രക്ഷിക്കാം എന്നതാണ് ഇത്തവണത്തെ പ്രമേയം. സന്നദ്ധ രക്തദാനം നടത്തുന്നവർ വലിയ സാമൂഹിക ഉത്തരവാദിത്തമാണ് നിർവഹിക്കുന്നതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. സുരക്ഷിത രക്തദാനത്തിന് സജ്ജമാക്കിയ കേരള പോലീസിന്റെ പോൽ ബ്ലഡ് സംവിധാനത്തെ കുറിച്ച് കൺട്രോളിംഗ് ഓഫീസർ ഷെഹൻഷാ. കെ.എസ് ആകാശവാണി വാർത്തകളോട്...
( വോയിസ്...)

*********************

## MV #WahHai503

എം വി വാൻഹായ് 503 കപ്പലിലെ തീ നിയന്ത്രണ വിധേയമെന്ന് തീര രക്ഷാസേനയും പ്രതിരോധ വൃത്തങ്ങളും വ്യക്തമാക്കി.

നിലവിൽ കപ്പൽ പുറംകടലിലേക്ക് ടഗ് ഉപയോഗിച്ച് വലിച്ചു കൊണ്ടുപോകുകയാണ്. കോസ്റ്റ് ഗാർഡിൻ്റേയും നേവിയുടേയും കപ്പലുകൾ ഇതിനെ അനുഗമിക്കുന്നു.

**********************

## RAIN-KERALA

കേരളത്തിൽ വരും ദിവസങ്ങളിൽ അതി തീവ്ര മഴയക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്.
മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഇന്ന് ചുവപ്പ് ജാഗ്രത പ്രഖ്യാപിച്ചു.
തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ ഒഴികെയുള്ള ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രതയാണ്. ലക്ഷദ്വീപിലും മഞ്ഞ ജാഗ്രതയാണ്. കേരള-കർണാടക-ലക്ഷദ്വീപ് തീരങ്ങളിൽ ചൊവ്വാഴ്ച വരെ മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി. മലയോര- കടൽതീര മേഖലയിലേക്കുള്ള വിനോദയാത്രകൾ പരമാവധി ഒഴിവാക്കണമെന്നും നിർദ്ദേശമുണ്ട്.

**********************

## CRICKET

ലോർഡ്സിൽ നടക്കുന്ന, ലോക ടെസ്റ്റ് ക്രിക്കറ്റ് ചാമ്പ്യൻഷിപ്പ് ഫൈനലിൽ ഓസ്ട്രേലിയക്കെതിരെ ദക്ഷിണാഫ്രിക്കയ്ക്ക് 282 റൺസ് വിജയലക്ഷ്യം. മൂന്നാം ദിവസമായ ഇന്നലെ ഓസീസിന്റെ രണ്ടാം ഇന്നിംഗ്സ് 207 റൺസിന് അവസാനിച്ചു. മറുപടി ബാറ്റിംഗിൽ ദക്ഷിണാഫ്രിക്ക 2 വിക്കറ്റിന് 213 റൺസ് എന്ന നിലയിലാണ്. 8 വിക്കറ്റ് ശേഷിക്കേ 69 റൺസ് കൂടിയാണ് ദക്ഷിണാഫ്രിക്കയ്ക്ക് വിജയിക്കാൻ വേണ്ടത്.

**********************

## AYUSH-YOGA

11-ാമത് അന്താരാഷ്ട്ര യോഗ ദിനത്തിന് മുന്നോടിയായി ഭൂമിക്കും ഏക ആരോഗ്യത്തിനും യോഗ എന്ന പ്രമേയത്തെ അടിസ്ഥാനമാക്കിയുള്ള ആഗോള ഉച്ചകോടി ന്യൂഡൽഹിയിൽ നടക്കുന്നു. കേന്ദ്ര ആയുഷ് മന്ത്രാലയമാണ് ഉച്ചകോടി സംഘടിപ്പിക്കുന്നത്.1,000 പേർ നേരിട്ടും നിരവധി പേർ വെർച്വലായും പരിപാടിയിൽ പങ്കെടുക്കും.

**********************

## HYDERABAD-AIR FORCE-PARADE

ഓപ്പറേഷൻ സിന്ദൂർ ഇന്ത്യൻ വ്യോമസേനയുടെ സമാനതകളില്ലാത്ത പുരോഗതിയുടെ തെളിവാണെന്ന് വ്യോമസേനാ മേധാവി എയർ ചീഫ് മാർഷൽ എ പി സിംഗ്. ഓപ്പറേഷൻ, സായുധ സേനകൾക്കിടയിലെ ഏകോപനവും സഹകരണവും പ്രകടമാക്കുന്നതായിരുന്നുവെന്നും അദ്ദേഹം പറഞ്ഞു. തെലങ്കാനയിലെ ദുണ്ടിഗലിലുള്ള വ്യോമസേന അക്കാദമിയിൽ നടന്ന കമ്പൈൻഡ് ഗ്രാജുവേഷൻ പരേഡിൽ പങ്കെടുക്കുകയായിരുന്നു അദ്ദേഹം.

**********************

## POP-IMA DEHRADUN

ഇന്ത്യൻ കരസേനയിൽ പുതുതായി കമ്മീഷൻ ചെയ്ത 419 ഉദ്യോഗസ്ഥരെ സ്വാഗതം ചെയ്യുന്നതിനായുള്ള പാസിംഗ് ഔട്ട് പരേഡ് ഉത്തരാഖണ്ഡിൽ  നടന്നു. ഡെറാഡൂണിലെ  ഇന്ത്യൻ മിലിട്ടറി അക്കാദമിയിൽ നടന്ന പരേഡിൽ വിദേശരാജ്യങ്ങളിൽ നിന്നുള്ള 32 കേഡറ്റുകൾ ഉൾപ്പെടെ ആകെ 451 പേർ പങ്കെടുത്തു. പരിശീലനം പൂർത്തിയാക്കിയ ശേഷം അന്താരാഷ്ട്ര കേഡറ്റുകൾ അതത് രാജ്യങ്ങളിലേക്ക് മടങ്ങും.

**********************

**********************

***********